## തിരുവനന്തപുരം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം.

വിഷയം :- ആ.വ.ഡ - ജീവനക്കാര്യം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീമതി. നിമ എസ് ഗംഗ (ഷീന മാത്യു), ഡെപ്യൂട്ടി ഡിസ്ട്രിക്ക് & മീഡിയ ഓഫീസർ - പ്രൊബേഷൻ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം :-1) ഉത്തരവ് നം. എഫ്.ഡബ്ല്യു.എ 2-86891/97/ആവഡ തീയതി 25.04.2005.

2) സർക്കാർ ഉത്തരവ് (സാധാ) 3058/08/ആകുവ തിരു. തീയതി 09.09.08

3) ഇ.സി1-42340/2012/ആവഡ തീയതി 07.03.2015 നം. ആയിട്ടുള്ള ചാർജ്ജ് മെമ്മോ.

4) പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 13.04.2015, 21.05.2015 തീയതികളിലുള്ള എ 6-13787/2014/ജി.മെ.ആ നമ്പർ കത്തുകൾ.

5) പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 19.01.2016 തീയതിയിലുള്ള എ 1-8669/14/ജി.മെ.ആ നമ്പർ കത്ത്.

6) സർക്കാർ ഉത്തരവ് (സാധാ) നം.1825/2019/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തീയതി 24.07.2019.

7) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ 04.07.2018 തീയതിയിൽ ഉള്ള എ 1-16785/18/ജി.മെ.ആ നമ്പർ കത്ത്.

8) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ 10.11.2017 തീയതിയിൽ ഉള്ള എ 1-33229/17/ജി.മെ.ആ നമ്പർ ഉത്തരവ്

9) സർക്കാർ കത്ത് നം. എച്ച്2-357/2018-ഹെൽത്ത്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തീയതി 15.06.2020.

10) നം. എഫ്.ഡബ്ല്യു.എ 2-6642/2015/ആവഡ തീയതി 04.08.2020

11) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറുടെ 07.09.2020 തീയതിയിൽ ഉള്ള എ 7-33229/2017/ജി.മെ.ആ നമ്പർ ഉത്തരവ്

### ഉത്തരവ് നം. എഫ്.ഡബ്ല്യു.എ 2-6642/2015/ആവഡ തീയതി 01.03.2021

ശ്രീമതി. നിമ എസ് ഗംഗ അഥവാ ഷീന മാത്യു പരാമർശം 1 ലെ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി ഡിസ്ട്രിക്ക് എഡ്യുക്കേഷൻ & മീഡിയ ഓഫീസർ ആയി 30.04.2005 ന് ജോലിയിൽ പ്രവേശിച്ചു. പരാമർശം 2 ലെ ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി 01.09.2008 മുതൽ ടി ജീവനക്കാരിക്ക് അനുവദിക്കുകയും ചെയ്തു. ശൂന്യവേതനാവധിക്ക് ശേഷം 01.09.2013 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ശ്രീമതി . നിമ എസ് ഗംഗ (ഷീന മാത്യു) ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ഹാജരാകാതിരിക്കുകയുണ്ടായി. ഇത്തരത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് പരാമർശം 3 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി. എന്നാൽ കുറ്റാരോപണ മെമ്മോ ആരും കൈപ്പറ്റിയില്ല എന്ന് പരാമർശം 4 പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ അറിയിക്കുകയുണ്ടായി.

അവധിക്ക് ശേഷം അന്നേ നാൾ വരെ ശ്രീമതി. നിമ എസ് ഗംഗ തിരികെ ജോലിയിൽ പ്രവേശിച്ചില്ല എന്ന് പരാമർശം 5 പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചു. അതിനു ശേഷം ശ്രീമതി. നിമ എസ് ഗംഗ സേവനത്തിൽ പുനപ്രവേശിക്കുന്നതിന് വേണ്ടി അപേക്ഷിക്കുകയും ടി അപേക്ഷ പരിഗണിച്ചുകൊണ്ട് അച്ചടക്ക നടപടിയ്ക്ക് വിധേയമായി സേവനത്തിൽ പുനപ്രവേശിപ്പിക്കുകയും ചെയ്തു.

03.02.2017 ന് തിരികെ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി . നിമ എസ് ഗംഗ യുടെ അപേക്ഷയിന്മേൽ പരാമർശം 6 പ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത്

സംബന്ധിച്ച അച്ചടക്ക നടപടി മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് 6 മാസത്തേക്ക് ഇൻക്രിമെന്റ് തടഞ്ഞു വയ്ക്കുകയും മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് ശക്തമായ താക്കീത് നൽകുകയും ചെയ്തു കൊണ്ട് തീർപ്പാക്കിയിരുന്നു.

ഇത്തരത്തിൽ ജോലി ചെയ്തുവരവെ പരാമർശം 8 പ്രകാരം ശ്രീമതി. നിമ എസ് ഗംഗക്ക് 11.10.2017 മുതൽ 07.02.2018 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു . എന്നാൽ അതിനുശേഷവും അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ പരാമർശം 9 ലെ സർക്കാർ നിർദ്ദേശം പ്രകാരം പ്രസ്തുത അവധി റദ്ദാക്കി. കൂടാതെ 01.06.2018 മുതൽ 2 വർഷത്തേക്ക് സമർപ്പിച്ച അവധി അപേക്ഷ നിരസിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ അടിയന്തിരമായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും തൃപ്തികരമായ വിശദീകരണം സമർപ്പിക്കുന്നതിനും വേണ്ടി പരാമർശം 10 പ്രകാരം ശ്രീമതി. നിമ എസ് ഗംഗയ്ക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും അതിനും മറുപടി ലഭിച്ചില്ല.

ഡെപ്യൂട്ടി ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷൻ & മീഡിയ ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീമതി. നിമ എസ് ഗംഗ ഉത്തരവാദിത്തമുള്ള ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നത് തുടർന്നു കൊണ്ടിരിക്കുകയാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്നതിന് ഇതുപോലെയുള്ള പ്രവർത്തികൾ കടുത്ത വിഘാതം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ശ്രീമതി. നിമ എസ് ഗംഗയുടെ നിരീക്ഷണകാലം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ 11.10.2017 മുതൽ 07.02.2018 വരെയുള്ള അവധി അപേക്ഷയും 08.02.2018 മുതൽ 31.05.2018 വരെയുള്ള അവധി അപേക്ഷയും 01.06.2018 മുതൽ 2 വർഷം വരെയുള്ള ശൂന്യവേതനാവധിയും നിരസിച്ചതിന്റെ പശ്ചാത്തലത്തിൽ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ഹാജരാകാതെ തുടരുന്നത് കടുത്ത അച്ചടക്ക ലംഘനവും ഔദ്യോഗിക സ്വഭാവദൂഷ്യവും മേലധികാരികളെ ധിക്കരിക്കലും 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവും ആയതിനാൽ പരാമർശം 9 ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. നിമ എസ് ഗംസ (ഷീന മാത്യു) യുടെ നിരിക്ഷണ കാലം റദ്ദ് ചെയ്ത് സർവ്വീസിൽ നിന്നും നീക്കം ചെയ്തു ഉത്തരവാകുന്നു.

ഒപ്പ്/-
**ഡോ. സരിത. ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ശ്രീമതി. നിമ എസ് ഗംഗ, G II, മുത്തൂറ്റ് റെയിൻബോ, എ.കെ.ജി നഗർ റോഡ്, പേരൂർക്കട – 695 005.

പകർപ്പ്

1) പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ആമുഖ കത്ത് സഹിതം)
2) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
3) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പാലക്കാട്/കാസർഗോഡ്/തിരുവനന്തപുരം
4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
5) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്